(ഡി) ഇതിന് പകരമായി പ്രത്യേകം എന്തെങ്കിലും നൽകാൻ കരാറിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ല.

(ഇ) ജനുവരി 4-ാം തീയതി കേരളവും തമിഴ്നാടും തമ്മിൽ നടന്ന മന്ത്രിതല ചർച്ചയിൽ കേരളം ഇക്കാര്യം ഉന്നയിക്കുകയും വെള്ളം കൃഷിക്ക് ആവശ്യമുള്ളപ്പോൾ വിട്ടുതരാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ജലം മുഴുവൻ തരാത്ത വർഷങ്ങളിൽ ഉണ്ടാകുന്ന കമ്മി (back log) അടുത്ത വർഷത്തിലെ കണക്കിൽ ഉൾപ്പെടുത്തി ആ അളവ് ജലം നൽകിപ്പോരുകയാണ് ചെയ്തുവരുന്നത്. പ്രത്യേകമായി പരിഹാരത്തിനുള്ള വ്യവസ്ഥകളൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. കരാറിൽ തർക്കങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ആർബിട്രേഷന് വ്യവസ്ഥയുണ്ട്.

(ജി) ധാരണകൾക്ക് അന്തിമരൂപം കൈവന്നിട്ടില്ല.

കയ്യൂർ സമരത്തിലെ രക്തസാക്ഷികൾക്ക് സ്മാരകം

70 [788] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ പ്രമുഖ സ്ഥാനമുള്ള കയ്യൂർ സമരത്തിലെ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് 2001-ൽ ധനസഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ എന്നറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതിനായി ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയ്യൂർ സമരത്തിലെ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ തീരുമാനിച്ചുകൊണ്ട് 22-2-2001-ൽ അന്നത്തെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ആയതിന് ബഡ്ജറ്റിൽ തുക വകകൊള്ളിക്കാതിരുന്നതിനാൽ ധനസഹായം നൽകാൻ സാധിച്ചില്ല.

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) 2003-04 ബഡ്ജറ്റിൽ ഇതിനായി തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ ധനസഹായം ലഭ്യമാക്കാൻ കഴിയുകയില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർനിയമനം നൽകപ്പെട്ട ഉദ്യോഗസ്ഥർ

71 [789] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം—IV.

LIBRARY ARCHIVES Kerala Legislative Assembly